15241
6/8/18

GOVERNMENT OF KERALA

Abstract

Social Justice Department- Government Guarantee in favour of the Kerala State Women's Development Corporation for availing loan from the National Scheduled Tribes Finance & Development Corporation – Provided – Orders Issued.

==========================================================

SOCIAL JUSTICE (C) DEPARTMENT

G.O.(Ms.) No. 20/2018/SJD. Dated, Thiruvananthapuram, 03/08/2018.

==========================================================

Read: 1) Letter.No.KSWDC/PO3/Govt. Guarantee/2016-17/1998 dated 15/6/2017 & Letter No.KSWDC/ST/PO3/2017-18/1908 dated 17.5.2018 from the Managing Director, Kerala State Women's Development Corporation.

2) Letter No.NSTFDC/COORD/34/01/Vol.IV/450 dated 17.4.2018 from the Chairman – cum – Managing Director, National Scheduled Tribes Finance & Development Corporation.

**ORDER**

The Managing Director, Kerala State Women's Development Corporation as per letter read above has informed that National Scheduled Tribes Finance & Development Corporation (NSTFDC) notionally allocated Rs.56 Lakh to the Kerala State Women's Development Corporation as loan under various schemes subject to sufficient Government Guarantee for the Financial Year 2018-19 and hence requested to provide fresh Government Guarantee to the tune of Rs.56 lakh to the Kerala State Women's Development Corporation for availing the loan. She has also informed that the Corporation could not provide self employment loan to women from Scheduled Tribes Category due to non availability of loan from the National Scheduled Tribes Finance and Development Corporation.

2) Government have examined the matter in detail and are pleased to provide Government Guarantee to Kerala State Women's Development Corporation during this Financial Year for availing loan to the tune of Rs.56 lakh from the National Scheduled Tribes Finance and Development Corporation subject to the conditions specified below and the period of Guarantee shall be fixed as 8 years.

**Guarantee Conditions**

1. Guarantee Commission @ 0.75% shall be remitted as per order in G.O. (Ms)487/04/Fin. Dated 16.10.2004 & Guarantee Act.
2. Simple interest @12% shall be charged for delayed payments as specified in clause 5 of Government Order dated 16.10.2004.
3. Half yearly report shall be sent to Government in Finance Department with attested copies of chalans remitting Guarantee Commission & penal interest, if any, indicating details of guaranteed amount, outstanding amount, guarantee commission payable (with details of Calculation).

4. Managing Director, Kerala State Women's Development Corporation shall remit Guarantee Commission dues if any to Government, before the execution of deed.
5. Since Guarantee Commission cannot be waived as per Guarantee Act, in order to evolve a proper mechanism for the strict payment of Guarantee Commission without any fault, M.D., KSWDC shall furnish quarterly report regarding payment of guarantee commission to Government without fail.
6. The Guarantee deed shall invariably contain the Government Order No. & date of Government Guarantee, Amount & Period of Guarantee & the Ceiling limit as per KCGG ACT, 2003 (as amended by Finance Act (2), 2018.)
7. Managing Director, Kerala State Women's Development Corporation shall furnish a report on the Audited Accounts Clearance every year as per Circular No. 42/17/Fin dated 29/5/2017 of Finance (PAC-B) Department.
8. Managing Director, Kerala State Women's Development Corporation shall update the details of Guarantee in the GIMS (Guarantee Information Management System) Portal of the Official Website of Finance Department using the log-in- ID of the Corporation.

(By Order of the Governor)
**BIJU PRABHAKAR**
**Special Secretary**

To

The Managing Director, Kerala State Women's Development Corporation.
The Chairman-cum-Managing Director, National Scheduled Tribes Finance & Development Corporation, Reg.H.O.NBCC Tower, 5th Floor, 15,Bhikaji Cama Place, New Delhi 110066.
The Principal Accountant General (A&E/ G &SSA), Kerala, Thiruvananthapuram.
The Accountant General (DB Cell), Kerala.
The Finance Department (Vide U.O.No.55108/P.U.B3/54/2017-Fin. Dated 28/6/2018).
General Administration (SC) Department.

Information & Public Relations (New Media Division) Department (for publishing in the Website)
Stock File/Office Copy.

Forwarded/By Order

Section Officer

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 01-08-2018**

ഫയൽ നം.426/സി1/2017/സാ.നീ.വ. ഇനം നം: 2380

വിഷയം : സാമൂഹ്യനീതി വകുപ്പ് - ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും വായ്പ ലഭിക്കുന്നതിനായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് സർക്കാർ ഗ്യാരന്റി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

2380

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 01 | ഫയൽ | : | 426/സി1/2017/സാനീവ |
| 02 | വകുപ്പ് | : | സാമൂഹ്യനീതി (സി) വകുപ്പ് |
| 03 | വിഷയം | : | ദേശീയ പട്ടികവർഗ്ഗ ധനകാര്യവികസന കോർപ്പറേഷനിൽ നിന്നും വായ്പ ലഭിക്കുന്നതിനായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് സർക്കാർ ഗ്യാരന്റി നൽകുന്നത് സംബന്ധിച്ച്. |
| 04 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 13/07/18 |
| 05 | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്<br>ഉണ്ട് |
| 06 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല<br>ബാധകമല്ല. |
| 07 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി .ലീലാമണി.കെ.എം. |
| 08 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിജു പ്രഭാകർ ഐ.എ.എസ് |
| 09 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 23/07/2018 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ടോം ജോസ് ഐ.എ.എസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26/07/2018 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 27/07/2018 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 31/07/2018 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും, തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനിൽ (NSTFDC) നിന്നും 56 ലക്ഷം രൂപ വായ്പ ലഭിക്കുന്നതിനായി കേരള സംസ്ഥാന വനിതാ വികസന കോർപറേഷന് സർക്കാർ ഗ്യാരന്റി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്

2) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC), ദേശീയ പിന്നാക്കവിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ (NSFDC) എന്നീ ദേശീയ ധനകാര്യ കോർപ്പറേഷനുകളിൽ നിന്നും വായ്പ ലഭിക്കുന്നതിന് വനിതാ വികസന കോർപ്പറേഷന് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്. സർക്കാർ ഗ്യാരന്റി നല്കുന്നതിന്റെ അടിസ്ഥാനത്തിൽ, ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ (NSTFDC) വിവിധ വായ്പ പദ്ധതികളിലായി 2018-19 സാമ്പത്തിക വർഷം 56 ലക്ഷം രൂപ കേരള സംസ്ഥാന വനിതാ വികസന കോർപറേഷന് notional allocation ആയി അനുവദിച്ചിട്ടുണ്ട് എന്നും ആയതിനാൽ മേൽപ്പറഞ്ഞ വായ്പ ലഭിക്കുന്നതിനായി 56 ലക്ഷം രൂപയ്ക്കുള്ള പുതിയ സർക്കാർ ഗ്യാരന്റി കോർപ്പറേഷന് നൽകണമെന്നും വനിതാ വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു. ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ ഈ വർഷത്തെ ആദ്യ ഗഡുവായി 77,86,867/- രൂപ അടച്ചിട്ടുണ്ട് എന്നും നിലവിൽ ഗ്യാരന്റി കമ്മീഷനിൽ കുടിശ്ശിക ഇല്ല എന്നും NSTFDC യിൽ നിന്നും കോർപ്പറേഷന് നാളിതു വരെ വായ്പകളൊന്നും ലഭ്യമായിട്ടില്ല എന്നും വനിതാ വികസന കോർപ്പറേഷൻ എം.ഡി അറിയിച്ചിട്ടുണ്ട്. കൂടാതെ, നിലവിൽ NSTFDC യിൽ

നിന്നും വായ്പ ലഭിച്ചിട്ടില്ലാത്തതിനാൽ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന വനിതകൾക്ക് സ്വയം തൊഴിൽ വായ്പകൾ നൽകുവാൻ സാധിക്കുന്നില്ല എന്നും വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**3) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.**

"കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് 56 ലക്ഷം രൂപയ്ക്ക് NSTFDC യിൽ നിന്നും വായ്പ എടുക്കുന്നതിന് സാധാരണ ഗ്യാരണ്ടി വ്യവസ്ഥകൾക്ക് വിധേയമായി നടപ്പ് സാമ്പത്തിക വർഷം സർക്കാർ ഗ്യാരണ്ടി അനുവദിക്കുന്നു.

**ഗ്യാരണ്ടി വ്യവസ്ഥകൾ**

1. ഗ്യാരന്റി ആക്റ്റ് പ്രകാരവും 16.10.2004 ലെ ജി.ഒ. (എം.എസ്) 487/04/ഫിൻ പ്രകാരവും 0.75% നിരക്കിൽ ഗ്യാരന്റി കമ്മീഷൻ തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.
2. 16.10.2004 ലെ സർക്കാർ ഉത്തരവിലെ നിബന്ധന 5 പ്രകാരം വൈകിയ അടവുകൾക്ക് 12% സാധാരണ പലിശ ഈടാക്കുന്നതാണ്.
3. പിഴപ്പലിശ ഉണ്ടെങ്കിൽ അതുൾപ്പെടെ ഗ്യാരന്റി കമ്മീഷൻ തുക അടച്ച ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഗ്യാരന്റി തുക ബാക്കി നിൽക്കുന്ന തുക ഗ്യാരന്റി കമ്മീഷൻ തുക എന്നിവയുടെ വിവരങ്ങൾ (വിശദമായ കണക്കുകൾ സഹിതം) ഉൾപ്പെടുത്തിയ അർദ്ധ വാർഷിക റിപ്പോർട്ട് ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.
4. ഉടമ്പടി ഒപ്പ് വയ്ക്കുന്നതിന് മുമ്പ് ബാക്കി അടയ്ക്കാനുള്ള ഗ്യാരന്റി കമ്മീഷൻ തുക മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.
5. ഗ്യാരന്റി ആക്റ്റ് പ്രകാരം കമ്മീഷൻ ഒഴിവാക്കാൻ കഴിയാത്തതിനാൽ

ഗ്യാരന്റി കമ്മീഷന്റെ കൃത്യമായ അടവ് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഗ്യാരന്റി കമ്മീഷൻ തുക അടച്ചതിന്റെ ത്രൈമാസ റിപ്പോർട്ട് മാനേജിംഗ് ഡയറക്ടർ മുടക്കം കൂടാതെ സമർപ്പിക്കേണ്ടതാണ്.

6. ഗ്യാരന്റി ഉടമ്പടിയിൽ സർക്കാർ ഉത്തരവിന്റെ നമ്പർ, സർക്കാർ ഗ്യാരന്റിയുടെ തീയതി , ഗ്യാരന്റി തുക, എത്ര വർഷത്തേയ്ക്കാണ് ഗ്യാരന്റി നൽകുന്നത്,കെ.സി.ജി.ജി ആക്റ്റ് - 2003 (as amended by Finance Act(2) 2018) പ്രകാരമുള്ള സീലിംഗ് ലിമിറ്റ് എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.
7. ധനകാര്യ (പി എ സി-ബി) വകുപ്പിലെ 29-05-2017-ാം തിയതിയിലെ സർക്കുലർ നം. 42/17-ധന പ്രകാരം ഓഡിറ്റഡ് അക്കൗണ്ട്സ് ക്ളിയറൻസ് നടത്തിയതിന്റെ റിപ്പോർട്ടു കൂടി എല്ലാ വർഷവും സമർപ്പിക്കേണ്ടതാണ്.
8. ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ GIMS (Guarantee Information Management System) പോർട്ടലിൽ കമ്പനിയുടെ log-in id ഉപയോഗിച്ച് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
9. ഗ്യാരണ്ടി ഡീഡ് നിയമവകുപ്പ് വെറ്റ് ചെയ്ത ശേഷം ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് ലഭ്യമാക്കേണ്ടതാണ്.

ഇതിന് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്. "

4) കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന് NST.FDC യിൽ നിന്നും 56 ലക്ഷം രൂപ വായ്പ എടുക്കുന്നതിന് മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി നടപ്പ് സാമ്പത്തിക വർഷം സർക്കാർ ഗ്യാരന്റി അനുവദിക്കാവുന്നതാണോ എന്നും ഗ്യാരന്റി കാലാവധി 8

വർഷമായി നിജപ്പെടുത്താവുന്നതാണോ എന്നുമുള്ള വിഷയത്തിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനായി ഫയൽ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന് NSTFDC യിൽ നിന്നും 56 ലക്ഷം രൂപ ( അമ്പത്തിയാറ് ലക്ഷം രൂപ മാത്രം) വായ്പ എടുക്കുന്നതിനായി ധനവകുപ്പ് നിർദ്ദേശിച്ച വ്യവസ്ഥകൾക്ക് വിധേയമായി, ഗ്യാരന്റി കാലാവധി 8 വർഷമായി നിജപ്പെടുത്തി, നടപ്പ് സാമ്പത്തിക വർഷം സർക്കാർ ഗ്യാരന്റി അനുവദിക്കാവുന്നതാണോ?